III. സബ്മിഷൻ

(1) പത്തനംതിട്ട ജില്ലയിലെ പന്നിക്കുഴി ചെന്നീർക്കര അമ്പലത്തുപാട് പി.സി.ജി. ഭവനിലെ മറിയാമ്മയുടെ കൊലപാതകം

ശ്രീ. രാജു എബ്രഹാം: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ടാണ് ഞാൻ ഒരു അടിയന്തിരപ്രമേയത്തിന് ഇത് തന്നിരുന്നത്. ഭർത്താവും മക്കളും ഗൾഫിലുള്ള പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര പൂത്തൻവീട്ടിൽ മറിയാമ്മ (55 വയസ്സ്) ഇന്നലെ ഉച്ചയോടെ വീടിനുള്ളിൽ വെട്ടേറ്റ് മരിക്കുകയുണ്ടായി. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല, ഇതുസംബന്ധിച്ച് ഇന്നത്തെ ഇന്റർനെറ്റ് എഡിഷൻ ഒന്നാം പേജിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും മലയാളം പത്രങ്ങളിലും എല്ലാം വാർത്തകൾ വന്നിരിക്കുകയാണ്. വിദേശ മലയാളികൾ ഭീതിയിലാണ്. പ്രത്യേകിച്ചും പത്തനംതിട്ട ജില്ലയിൽ ഏതാണ്ട് 30 ശതമാനത്തിലധികം കുടുംബങ്ങളിലും ഒന്നുകിൽ ഭാര്യ മാത്രം, അല്ലെങ്കിൽ മാതാപിതാക്കൾ മാത്രമാണുള്ളത്. എനിക്ക് ഈ സഭയിൽ തന്നെ തന്നിട്ടുള്ള ചോദ്യത്തിനുത്തരമായി അങ്ങ് ഇതുസംബന്ധിച്ച് നടപടിയെടുക്കും എന്നുപറഞ്ഞിട്ടുണ്ട്. ജില്ലയിലെ പ്രത്യേക അവസ്ഥയും പറഞ്ഞിട്ടുണ്ട്. ഈ ജില്ലയിൽ ഉയർന്നുവരുന്ന കൊലപാതകങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങ് കർശന നടപടിയെടുക്കും എന്ന് സൂചിപ്പിച്ചിരുന്നു. പക്ഷെ ഒരു നടപടിയും അങ്ങ് സ്വീകരിച്ചതായിട്ട് കാണുന്നില്ല. കേരളത്തിൽ പതിനായിരക്കണക്കിന് കുടുംബങ്ങൾ, അവരുടെ ബന്ധുക്കൾ വിദേശങ്ങളിൽ ഉള്ളതുകാരണം തനിയെ താമസിക്കുന്നവരായി ഉണ്ട്. പ്രവാസി മലയാളികളൊക്കെ ഭീതിയിലാണ്. ഇന്ന് കേരളം ബ്ലേഡ് മാഫിയകളും, ഗുണ്ടകളും ഭരിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് വന്നിരിക്കുന്നു എന്ന് കേരളത്തിലെ എല്ലാ ദിനപത്രങ്ങളും ഇവിടെ പറയുകയാണ്. അത്തരം ഒരു സാഹചര്യത്തിൽ ഈ സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പൊതുവായി പ്രശ്നം പറഞ്ഞതല്ലാതെ അടിയന്തിരപ്രമേയത്തിനാധാരമായ കാര്യത്തെക്കുറിച്ച് കാര്യമായി ഇവിടെ വിശദീകരിച്ചിട്ടില്ല. പത്തനംതിട്ട ജില്ലയിൽ മാത്രമല്ല, കേരളത്തിലെമ്പാടും ഇതുപോലുള്ള അക്രമസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിനുവേണ്ടി ആവശ്യമായ സ്ഥലങ്ങളിലെല്ലാം സ്പെഷ്യൽ സ്കാഡുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ താങ്കൾ ഇന്നത്തെ സബ്മിഷനിൽ പറഞ്ഞ കാര്യം ഞാൻ വിശദീകരിച്ചിട്ടില്ല, അത് വിശദീകരിക്കാം. പത്തനംതിട്ട പന്നിക്കുഴി, ചെന്നീർകര ചിറക്കരോട്ടു വീട്ടിൽ ഫിലിപ്പിന്റെ ഭാര്യ 48 വയസ്സുള്ള മറിയാമ്മ ഫിലിപ്പിനെ 28-1-2004-ന് പകൽ 12.45 മണിയോടെ ആരോ ഒരാൾ ഗുരുതരമായി വെട്ടി പരിക്കേൽപ്പിച്ചശേഷം ഓടിപ്പോയി. ഇത് കണ്ട് അയൽവക്കത്തുള്ളവർ ഓടിക്കൂടി മറിയാമ്മ ഫിലിപ്പിനെ ചികിൽസയ്ക്ക് മുളക്കുഴ സെഞ്ചുറി ആശുപത്രിയിലേക്ക് കൊണ്ടുപോയി എങ്കിലും അവർ മരണപ്പെട്ടു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 448, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 67/2004 നമ്പരായി പത്തനംതിട്ട പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലം സന്ദർശിക്കുകയും, പോലീസ് നായയെ സംഭവസ്ഥലത്ത് കൊണ്ടുവന്ന് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. വിരലടയാള വിദഗ്ദ്ധൻമാർ സംഭവസ്ഥലത്ത് എത്തി തെളിവ് ശേഖരിച്ചിട്ടുള്ളതും മറ്റ് ശാസ്ത്രീയ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റാന്വേഷണ സങ്കേതങ്ങൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി മൃതശരീരം മുളക്കുഴ സെഞ്ചുറി ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്. പത്തനംതിട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി കേസ് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഇന്നു രാവിലെയും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തനരഹിതമായിട്ട് ആഴ്ചകളോളമായി. ഈ സബ്മിഷൻ കൊടുത്തതിനുശേഷം ഒരു ഡോക്ടറെ അവിടെ നിയോഗിച്ചു എന്നത് ശരിയാണ്. അതുകൊണ്ട് ന്യൂറോ സർജറി വിഭാഗത്തിന്റെ വാതിൽ തുറക്കുന്നുണ്ട്, പക്ഷെ ചികിൽസ നടക്കുന്നില്ല. അതുകൊണ്ട് വളരെ ഗൗരവതരമായ ഈ സ്ഥിതിവിശേഷത്തിൽ ഉടനടി ഇടപെട്ട് മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം കാര്യക്ഷമമായി പ്രവർത്തനം നടത്താൻവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ന്യൂറോ സർജറി വിഭാഗം എന്നുപറയുന്നത് ഒരു സ്കാൻ കാറ്റഗറിയാണ്. ഇന്നിപ്പോൾ കേരളത്തിൽ ന്യൂറോ സർജറി വിഭാഗത്തിൽ പ്രൊഫസർമാരേയും, അസോസിയേറ്റ് പ്രൊഫസർമാരേയും, ലക്ചറർമാരേയും, അസിസ്റ്റന്റ് പ്രൊഫസർമാരെയുമൊക്കെ ലഭിക്കാൻ വളരെ പ്രയാസമാണ്. തൃശൂർ മെഡിക്കൽ കോളേജിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഒരു ന്യൂറോ അസോസിയേറ്റ് പ്രൊഫസറെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഡി.പി.സി. ഇപ്പോൾ അടുത്തുതന്നെ ചേരുകയാണ്. ഡി.പി.സി. ചേർന്നുകഴിഞ്ഞ് പ്രൊമോഷൻ ലഭിക്കുമ്പോൾ ആളുകളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. പി.എസ്.സി.-യിൽ നിന്ന് ആറു പേരുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ആറ് ആൾക്കാരെ ലഭിച്ചുകഴിഞ്ഞാൽ നാല് ആൾക്കാരെ തൃശൂർ മെഡിക്കൽ കോളേജിൽ നിയമിക്കുന്നതാണ്. ബാക്കിയുള്ള രണ്ട് ആൾക്കാരെയാണ് മറ്റു മെഡിക്കൽ കോളേജുകളിലേക്ക് വിടുന്നത്. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഗവൺമെന്റ് ധരിക്കുന്നത്.

(3) തീരദേശ നിയമംമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി. കെ. നാണു: സർ, ഒരു നിയോജകമണ്ഡലത്തിൽ തന്നെ കടലോരത്ത് ചില പഞ്ചായത്തുകളിൽ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നു, തൊട്ടടുത്ത പഞ്ചായത്തിലെ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നില്ല. ഈ പ്രശ്നം പല പ്രാവശ്യം നിയമസഭയിൽ ഗൗരവമായി ചർച്ച ചെയ്തതാണ്. ഏതാനും ദിവസം മുമ്പ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly